This is an application seeking correction in the order dated 10.8.2018 in the Original Application. The application was disposed of on 10.8.2018 along with certain other Original Applications by a common order. It was directed in paragraph 14 of the order that there will be a direction to the first respondent to submit the requisition under the proper proforma for 169 vacancies of LPSAs (Malayalam Medium) within a period of one month. A reading of the order makes it clear that the direction was issued to the Deputy Director of Education, Thiruvananthapuram who is the competent authority to

LPSAs to the Public Service Commission. It is made clear that the Deputy Director of Education, Thiruvananthapuram cannot refuse to report these vacancies stating that the direction issued is to the first respondent.

In such circumstances, I find that this application for correction is unnecessary and it is closed.

Sd/- V Rajendran, Member

(True copy)

Sd/-

Deputy Registrar (Judicial)

Certified that this is true and accurate copy of the document/order as in the case of OA 2069/2018 Modification

Officer in charge of copying Branch

Receipt No : 3185049/2019/G.EDN (H)

Office of the Chief Minister

2019-01-17 12:58:57

Forward >> Secretary-Department of General Education

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.എച്ച്1/210/2018/പൊ.വി.വ

പൊതു വിദ്യാഭ്യാസ (എച്ച്) വകുപ്പ്
തിരുവനന്തപുരം
05/03/2019

ഗവൺമെന്റ് സെക്രട്ടറി

ശ്രീ.ആർ.അരുൺ
രവി വില്ല, മുള്ളറംകോട്
മണമ്പൂർ.പി.ഒ, 695611.

സർ,

വിഷയം:- പൊതു വിദ്യാഭ്യാസ വകുപ്പ് - OA 1924/2016 നമ്പ്രലുള്ള 10/08/2018 ലെ വിധിന്യായത്തിനമ്പ്രലുള്ള നടപടി - സംബന്ധിച്ച്.

സൂചന:- 1.ഒ.എ.1924/2016 നമ്പ്രലുള്ള 10/08/2018 ലെ ഉത്തരവ്.
2.താങ്കൾ ബഹു.കേരള ഗവർണ്ണർക്ക് സമർപ്പിച്ച 18/12/2018 ലെ ഹർജി.
3. ബഹു: കേരള ഗവർണറുടെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 30.01.2019-ലെ GS4-250/2019 നമ്പർ കത്ത്
4.താങ്കൾ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച 19/01/2019 ലെ ഹർജി.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) ഉത്തരവിൽ പരാമർശിക്കുന്ന 169 ഒഴിവുകൾ നിലവിലുണ്ടായിരുന്നോ എന്നത് രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തി ഗവൺമെന്റ് പ്ലീഡറുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,
സുരേഷ് കുമാർ എസ്.
അണ്ടർ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.എച്ച്/210/2018/പൊ.വി.വ

പൊതു വിദ്യാഭ്യാസ(എച്ച്)വകുപ്പ്
തിരുവനന്തപുരം
08/05/2019

ഗവൺമെന്റ് സെക്രട്ടറി

വിദ്യാഭ്യാസ ഉപ ഡയറക്ടർ
തിരുവനന്തപുരം.

സർ,

വിഷയം:- പൊതു വിദ്യാഭ്യാസ വകുപ്പ് - ഒ എ 1924/2016 ലിലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 10/08/2018 ലെ ഉത്തരവ് - തുടർനടപടി സ്വീകരിക്കുന്നത്-സംബന്ധിച്ച്.

സൂചന:- 25/02/2019 ലെ ഇതേ നമ്പർ സർക്കാർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
SURESH KUMAR S
അണ്ടർ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

Note No. #1

കുറിപ്പുകൾ

വിഷയം:പൊ വി വ – ശ്രീ.അജീഷ്.ആർ സിയും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത OA 1924/2016 ന്മേലുള്ള 10/8/2018 ലെ ഉത്തരവ് –സംബന്ധിച്ച്

ശ്രീ.അജീഷ്.ആർ സിയും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത OA 1924/2016 ന്മേലുള്ള 10/8/2018 ലെ ഉത്തരവ് സദയം കണ്ടാലും. ടി കേസിൽ തിരുവനന്തപുരം DDE ആണ് 1ാം എതിർകക്ഷി. കൂടാതെ സർക്കാർ ടി കേസിൽ കക്ഷിയല്ല. 1ാം എതിർകക്ഷിയായ തിരുവനന്തപുരം DDEക്കാണ് നിർദ്ദേശമുള്ളത് . ആയതിനാൽ ടി ഉത്തരവിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി ഉത്തരവ് തിരുവനന്തപുരം DDEയ്ക്ക് അയച്ച് കൊടുക്കാവുന്നതാണ്.

05/09/2018 3:31 PM

ABOOBACKER K
(ASST (H1) G.EDN)

Note No. #2

06/09/2018 10:11 AM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #3

O.A. 1924/2016-ൽ പരാമർശിക്കുന്ന അതേ ആവശ്യം ഉന്നയിച്ച കൊണ്ട് അഡ്മിനിസ്ട്രേറ്റീവ് ട്രൈബുണലിൽ ഫയൽ ചെയ്തിരുന്ന O.A.1852/16ലെ ഉത്തരവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സർക്കാരിന് ആയിരുന്നു നിർദേശം നൽകിയിരുന്നത്. ആയതിൽ എന്ത് തുടർ നടപടി സ്വീകരിക്കാൻ കഴിയും എന്നതിൽ നിയമ വകുപ്പിന്റെ ഉപദേശം തേടിയിട്ടുണ്ട്. (file No. H1/203/2018) ഈ ഫയലിൽ പരാമർശിക്കുന്ന O.A. 1924/2016–ലെ ഉത്തരവിലെ നിർദേശം തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് ആയതിനാൽ ഉത്തരവ് പരിശോധിച്ച ആവശ്യമെങ്കിൽ ഗവ. പ്ലീഡറുടെ ഉപദേശം വാങ്ങി തുടർ നടപടി സ്വീകരിക്കാൻ ഉത്തരവിന്റെ പകർപ്പ് തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർക്കു അയച്ചുകൊടുക്കാവുന്നതാണ്.

08/09/2018 7:00 PM

SURESH KUMAR S
(US (H) G.EDN)

Note No. #4

ഒരേ വിഷയത്തിൽ സർക്കാരിനും ഡി ഡി ഇ യ്ക്കും വ്യത്യസ്ത നിലപാടുകൾ എടുക്കാൻ

സാധിക്കുകയില്ല.സർക്കാർ സമാനമായ കേസിൽ അപ്പീൽ ഫയൽ ചെയ്യാൻ തീരുമാനിക്കുകയും ഡി ഡി ഇ ബഹു.ടിബുണലിന്റെ ഉത്തരവ് നടപ്പാക്കാൻ നടപടി എടുക്കുകയും ചെയ്യുന്നത് അഭികാമ്യമല്ല.അതിനാൽ നിയമവകുപ്പിന്റെ ശ്രദ്ധയിൽ ഇക്കാര്യം കൂടി കൊണ്ടുവന്ന അഭിപ്രായം ആരായാം.ഫയൽ നിയമ വകുപ്പിലേക്കയക്കാം.

11/09/2018 10:16 AM

SREEKUMAR N K
(AS (H) G.EDN)

Note No. #5

11/09/2018 10:23 AM

SURESH KUMAR S
(US (H) G.EDN)

Note No. #6

13/09/2018 10:36 AM

ABOOBACKER K
(ASST (H1) G.EDN)

Note No. #7

13/09/2018 11:19 AM

BEENA S
(CRU.LAW)

Note No. #8

-19937/ സ്യൂട്ട് III(1)/ 2018/ നിയമം നിയമ (സ്യൂട്ട് III) വകുപ്പ്

GEDN- H1/ 210/ 2018- GEDN തീയതി: 13/ 09/ 2018

E19937.pdf

13/09/2018 5:06 PM

SANJEEV MOHAN
(ALO (SUIT-III(1)) LAW)

Note No. #9

15/09/2018 10:57 AM

K.P.JINSON
(CRU.GEDN)

Note No. #10

കുറിപ്പ് 8ലെ നിയമവകുപ്പിന്റെ അഭിപ്രായത്തിലേക്കും വിദ്യാഭ്യാസ ഉപഡയറക്ടറുടെ കത്തിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. നിയമവകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു.

"തിരുവനന്തപുരം ജില്ലയിലെ പൊതു വിദ്യാഭ്യാസ വകുപ്പിലെ ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ് (മലയാളം) തസ്തികയിലെ പി എസ് സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളായ ശ്രീ. ആർ അരുണും മറ്റൊരാളും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിനെ തുടർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ എ നമ്പർ 1852/2016 കേസിലെ ഉത്തരവിൽ വസ്തുതാപരമായ തെറ്റുകൾ ഉള്ളതായി കാണാവുന്നതും ടി ന്യൂനതകൾ പരിഹരിക്കുന്നതിനായി ബഹു. ട്രൈബ്യൂണലിന്റെ ഒ എ നമ്പർ 1852/2016 ലേയും മറ്റ് അനുബന്ധ കേസുകളിലേയും 10/08/2018ലെ പൊതു ഉത്തരവ് പുന പരിശോധിക്കുന്നതിനായി റിവ്യൂ ഹർജി ഫയൽ ചെയ്യാവുന്നതാണെന്ന അഭിപ്രായമാണ് 11/09/2018ലെ ഇ19650/സ്യൂട്ട്111(1)/18/നിയമനം നമ്പർ ഫയലിൽ നൽകിയിട്ടുള്ളത്. ബഹു. ട്രൈബ്യൂണൽ ഒ എ നമ്പർ 1852/2016 കേസ് ഒ എ നമ്പർ 1924/2016 കേസിനും മറ്റ് സമാന കേസുകൾക്കും ഒപ്പം പരിഗണിച്ച് ആയതിൽ പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ബഹു. ട്രൈബ്യൂണലിന്റെ ഒ എ നമ്പർ 1852/2016 ലെ ഉത്തരവ് പുന പരിശോധിക്കുന്നതിന് സമർപ്പിക്കുന്ന റിവ്യൂ ഹർജിയിലെ ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിന് വിധേയമായി തുടർ നടപടി സ്വീകരിക്കുന്നതാവും ഉചിതമെന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്."

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 3 വിഭാഗത്തിലായി കണ്ടെത്തിയ 169 ഒഴിവുകൾ യഥാർത്ഥത്തിൽ നിലനിൽക്കുന്നവയോ പി എസ് സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അർഹമായതോ പി എസ് സി-ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നവയോ അല്ലെന്നും ടി ഒഴിവുകൾ പി എസ് സിക്ക് റിപ്പോർട്ട് ചെയ്യുവാനാണ് ടി ഉത്തരവിൽ നിർദ്ദേശിക്കുന്നത് എന്നതിനാൽ ടി ഉത്തരവിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ അപ്പീൽ നൽകുന്നതിന് അനുമതി നൽകണമെന്നാണ് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ ആവശ്യപ്പെട്ടിട്ടുള്ളത്.

ഈ സാഹചര്യത്തിൽ ഈ ഫയൽ H1/203/2018 ഫയലുമായി ബന്ധിപ്പിക്കാവുന്നതാണ്.

15/09/2018 12:29 PM

ABOOBACKER K
(ASST (H1) G.EDN)

Note No. #11

15/09/2018 12:35 PM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #12

15/09/2018 12:39 PM

SURESH KUMAR S
(US (H) G.EDN)

Note No. #13
SS enquired about this file and desired to peruse it.The file is put up for perusal.

15/09/2018 12:50 PM

SREEKUMAR N K
(AS (H) G.EDN)

Note No. #14

The petitioners in this case were here today and they informed that in the Judgment in OA-1924/2016 it was ordered that "the PSC shall advise candidates against the vaccancies from the ranked list within a period of one month from the date of requistion from the lst respondent (DDE). It was also ordered that the 1st respondent will submit requisition under proper proforma for 169 vaccancies of L.P.S.A Malayalam within a period of one month from today.(10/08/2016)" They also informed the period of compliance is already over and the DPI has not taken any action on the judgment and have written to Govt for permission to file appeal against the judgment.

This was discussed with the Under Secretary and the Section Officer concerned.There is another O.P on the same issue of non reporting of vacancies and in its judgment (O.A.NO 1924/2016, Action taken in file NO.H1/203/2018, at present with Secy, Gedn) in which certain factual errors crept in in the name of respondents and filing of Counter Affidavit.This is proposed to be rectified by a review petition. The issue in this case is related to the findings of the hon; KAT based on the contentions made by the DDE. In para 9 of the judgment the hon; Court has taken a view that there is an attempt to suppress the true facts and justify the failure to report the vacancies for being advised from the ranked list. The court has found that 169 vacancies existed. The D.P.I has now requested permission to move for appeal against this.

In these circumstances permission may be granted to D.P.I for moving appeal against the judgment if he has sufficient grounds as per rules.

It is also stated in the judgment that the D D E, TVPM has admitted existence of 37 vacancies which has not been reported. The DPI shall enquire and report why the 37 vacancies in question were not reported to P.S.C on time though numerous orders were issued by Govt in this regard.

15/09/2018 4:42 PM

K.V MURALEEDHARAN

(SPL SECY (G.EDN))

Note No. #15
SS may conduct a physical verifica

18/09/2018 7:04 AM

A. SHAJAHAN
(SECY (G.EDN))

Note No. #16
Details as to how vacancies are reckoned for computing total vacancies that arise in an academic year for shall be put up along with percentage of vacancies earmarked for each category for appointment. pl put up within 2 days.

24/09/2018 1:35 PM

K.V MURALEEDHARAN
(SPL SECY (G.EDN))

Note No. #17

24/09/2018 2:01 PM

SREEKUMAR N K
(AS (H) G.EDN)

Note No. #18

24/09/2018 2:38 PM

SURESH KUMAR S
(US (H) G.EDN)

Note No. #19

24/09/2018 3:02 PM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #20

കുറിപ്പ് 16 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷത്തെ ഒഴിവുകൾ നിർണ്ണയിക്കുന്നതിന്റെ രീതിയും കണ്ടെത്തിയ ഒഴിവുകൾ നേരിട്ടുള്ള പി എസ് സി നിയമനത്തിനും ബൈട്രാൻസ്ഫർ നിയമനത്തിനും അന്തർ ജില്ലാ സ്ഥലം മാറ്റത്തിനും തുടങ്ങി ഓരോ കാറ്റഗറിക്ക് മാറ്റി വെച്ചിട്ടുള്ള ഒഴിവുകളുടെ ശതമാനവും സംബന്ധിച്ചുമുള്ള വിവരം തിരുവനന്തപുരം DDE യോട് ലഭ്യമാക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.കൂടാതെ ഒഴിവില്ലാത്തതിനാൽ നിയമനം നൽകാനാവാതെ ഇരുന്ന പി എസ് സി അഡ്വൈസുകളിന്മേൽ നിയമനം നൽകിയത് 70 പേർക്കാണെന്ന് DDEയുടെ റിപ്പോർട്ടിൽ കാണുന്നു. ഇല്ലാത്ത ഒഴിവുകളിലേക്ക് പി എസ് സി അഡ്വൈസ് ചെയ്യാനുണ്ടായ സാഹചര്യം സംബന്ധിച്ചും Annexure 23 – Annexure 55 വരെയുള്ള വിവരാവകാശനിയമപ്രകാരം വിദ്യാഭ്യാസ ആഫീസർമാർ നൽകിയ മറുപടി പ്രകാരമുള്ള 84 ഒഴിവുകൾ 29/08/2016 ൽ പി എസ് സിക്ക് റിപ്പോർട്ട് ചെയ്ത 37 ഒഴിവുകളിലും 19/09/2016 ൽ റിപ്പോർട്ട് ചെയ്ത 57 ഒഴിവുകളിലും ഉൾപ്പെട്ടവയാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ സഹിതം മടക്കത്തപാലിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

S/O DFA

25/09/2018 12:32 PM

ABOOBACKER K
(ASST (H1) G.EDN)

Note No. #21

25/09/2018 2:14 PM

SURESH KUMAR S
(US (H) G.EDN)

Note No. #22

നിർദ്ദേശം അംഗീകരിച്ചു.

25/09/2018 2:50 PM

SREEKUMAR N K
(AS (H) G.EDN)

Note No. #23

26/09/2018 11:16 AM

SURESH KUMAR S
(US (H) G.EDN)

Note No. #24

മേൽ ഉത്തരവ് പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഒരോർമ്മക്കുറിപ്പ് അയയ്ക്കാവുന്നതാണ്.

S/O DFA

29/09/2018 10:25 AM

ABOOBACKER K
(ASST (H1) G.EDN)

Note No. #25

29/09/2018 4:45 PM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #26

29/09/2018 7:16 PM

SURESH KUMAR S
(US (H) G.EDN)

Note No. #27

മേൽ ഉത്തരവ് പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് തിരുവനന്തപുരം DDE നാളിതുവരെയായി ലഭ്യമാക്കിയിട്ടില്ല. സ്പെഷ്യൽ സെക്രട്ടറി ഫയൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടത് പ്രകാരം ഫയൽ സമർപ്പിക്കാവുന്നതാണ്.

05/10/2018 3:57 PM

ABOOBACKER K
(ASST (H1) G.EDN)

Note No. #28

05/10/2018 3:59 PM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #29

റിപ്പോർട്ട് സ്പെഷ്യൽ സെക്രട്ടറിയ്ക്ക തിരുവനന്തപുരം ഡി.ഡി.ഇ. നൽകിയിട്ടുണ്ട്. ആവശ്യപ്പെട്ടപ്രകാരം ഫയൽ സ്പെഷ്യൽ സെക്രട്ടറിയ്ക്ക സമർപ്പിക്കാവുന്നതാണ്.

06/10/2018 8:01 PM

SURESH KUMAR S
(US (H) G.EDN)

Note No. #30

08/10/2018 3:39 PM

SREEKUMAR N K
(AS (H) G.EDN)

Note No. #31
Discussion over. put up with findings.

12/10/2018 2:07 PM

K.V MURALEEDHARAN
(SPL SECY (G.EDN))

Note No. #32

12/10/2018 5:13 PM

SREEKUMAR N K
(AS (H) G.EDN)

Note No. #33

12/10/2018 5:21 PM

SURESH KUMAR S
(US (H) G.EDN)

Note No. #34

മേൽ കുറിപ്പുകളും ഉത്തരവുകളും സദയം കണ്ടാലും. തിരുവനന്തപുരം ജില്ലയിൽ 22/03/2012ൽ നിലവിൽ വരികയും 21/09/2016ൽ കാലാവധി അവസാനിക്കുകയും ചെയ്ത എൽ പി എസ് എ (മലയാളം)റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള ഒ എ നം. 1924 & 1852/2016 , ഒ എ 114/2015, ഒ എ 1602/2017 എന്നിവയിന്മേലുമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 10/08/2018ലെ ഉത്തരവിനെതിരെ അപ്പീൽ സമർപ്പിക്കുന്നതിന് തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് സർക്കാർ അനുമതി നൽകണമോ എന്നതിന്മേൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലേയും തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റിലേയും ഉന്നതഉദ്യോഗസ്ഥരുടെ യോഗം സ്പെഷ്യൽ സെക്രട്ടറിയുടെ സാനിദ്ധ്യത്തിൽ 10/10/2018 നു 2.30 ചേരുകയുണ്ടായി. ടി യോഗത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ.സി പി പദ്മരാജ്, ജൂനിയർ സൂപ്രണ്ട് ശ്രീമതി ഡി.അനിതാകുമാരി, തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീമതി.മൃദുല സീനിയർ സൂപ്രണ്ട് ശ്രീ.വിനയ് സുകുമാരൻ.ഇ എന്നിവർ പങ്കെടുത്തു. യോഗത്തിൽ ടി വിഷയം പരിശോധിച്ചു.

2015-16ൽ ഉണ്ടായ 385 ഒഴിവുകളിൽ 2014-15ലെ തസ്തിക നിർണ്ണയപ്രകാരം അധികമായി അദ്ധ്യാപകരെ നിലനിർത്തുന്നതിനായി 91 ഒഴിവുകളും ഒഴിവുകൾ ഇല്ലാത്തതിനാൽ നിയമനം നൽകാനാവാതിരുന്ന മുൻ പി എസ് സി അഡ്വൈസുകളിന്മേൽ നിയമനം നൽകിയത് 70 പേർക്കും അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി 114 ഒഴിവും നേരിട്ട് നിയമനത്തിനായി പി എസ് സിയിൽ 28/06/2016ന് 70 ഒഴിവും 29/08/2016ന് 37 ഒഴിവും ബൈട്രാസ്ഫർ നിയമനം 3 ഒഴിവും ചേർത്ത് ആകെ 385 ഒഴിവുകളും നികത്തിയിട്ടുണ്ടെന്ന് ഡി ഡി ഇ ഓഫീസിലെ സീനിയർ സൂപ്രണ്ട് അറിയിച്ചു.

2015-16ൽ ആകെ ഉണ്ടായ 385 ഒഴിവുകളിൽ അധികമായി നിലനിന്നിരുന്ന 91 അദ്ധ്യാപകരേയും മുൻപ് പി എസ് സി അഡ്വൈസ് ചെയ്തിട്ട് നിയമനം നൽകാതിരുന്ന 70 പേരുടേയും ക്രമപ്പെടുത്തിയതിന് ശേഷമുള്ള 224 ഒഴിവുകളുടെ 30% മാത്രമല്ലേ അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി മാറ്റി വെക്കേണ്ടതുള്ളൂവെന്നും 385ന്റെ 30% 115 എണ്ണം ആദ്യമേ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവെച്ചത് സംബന്ധിച്ച് തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർ ആഫീസിലെ സീനിയർ സൂപ്രണ്ടിനു വിശദീകരണം നൽകാനായില്ല.

2016-17 വർഷത്തിൽ ആകെയുള്ള 236 ഒഴിവുകളിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവെച്ച 162 ഒഴിവുകളിൽ 48 എണ്ണം യു പി എസ് എയ്ക്ക് ഉള്ളതാണെന്നും ട്രൈബ്യൂണലിൽ സമർപ്പിച്ചപ്പോൾ ആയത് ഒഴിവാക്കാതെ 162 എന്ന് സമർപ്പിച്ചത് തെറ്റിയതാണെന്നും സീനിയർ സൂപ്രയണ്ട് അറിയിച്ചു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച കൗണ്ടർ അഫിഡവിറ്റിൽ പരാമർശിക്കുന്ന 2015-16 ലെ തസ്തിക നിർണ്ണയ പ്രകാരമുള്ള കേഡർ സ്ട്രെങ്ത്തും ഒഴിവുകളുടെ എണ്ണവും സർക്കാരിൽ സമർപ്പിച്ച രേഖകളിലെ കണക്കുകളും തമ്മിലുള്ള വ്യത്യാസത്തിനു തൃപ്തികരമായ വിശദീകരണം നൽകുവാൻ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ സീനിയർ സൂപ്രയണ്ടിനായില്ല.

2015-16ലേയും 2016-17 ഒഴിവുകളും അനുവദിച്ച തസ്തികകൾ സംബന്ധിച്ചുള്ള കണക്കുകളും ശരിയായവിധം പരിശോധിച്ചെങ്കിൽ മാത്രമാണ് യഥാർത്ഥ കണക്കുകൾ കണ്ടെത്താനാവുകയുള്ളുവെന്നും ആയതിനാൽ തിരുവനന്തപുരം ജില്ലയിലെ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാരും ജില്ലാവിദ്യാഭ്യാസ ഓഫീസർമാരും പുറപ്പെടുവിച്ചിട്ടുള്ള ഓരോ സ്കൂളിലേയും തസ്തിക നിർണ്ണയ ഉത്തരവുകൾ പരിശോധിച്ച് ശരിയായ കേഡർ സ്ട്രെങ്ത്തും ഒഴിവും കണക്കാക്കേണ്ടി വരുമെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അഭിപ്രായപ്പെടുകയും അപ്രകാരം ശരിയായ കണക്കെടുപ്പ് നടത്തി യോഗം ചേർന്നാൽ മാത്രമേ അപ്പീൽ നൽകാമോ എന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളാനാവുമെന്നും എല്ലാവരും അംഗീകരിച്ചു. യോഗം താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയും കൃത്യം 4.30ന് അവസാനിക്കുകയും ചെയ്തു.

യോഗത്തിലുണ്ടായ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

1 തിരുവനന്തപുരം ജില്ലയിലെ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാരും ജില്ലാവിദ്യാഭ്യാസ

ഓഫീസർമാരും പുറപ്പെടുവിച്ചിട്ടുള്ള ഓരോ സ്കീമിലേയും തസ്തിക നിർണ്ണ ഉത്തരവുകൾ പരിശോധിച്ച് 2015-16 2016-17 വർഷത്തെ ശരിയായ കേഡർ സ്ട്രെങ്ത്തും ഒഴിവുകളും നിർണ്ണയിക്കണം. ആയതിനായി തിരുവനന്തപുരം ജില്ലയിലെ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാരുടെയും ജില്ലാവിദ്യാഭ്യാസ ഓഫീസർമാരുടെയും യോഗം 12/10/2018 ൽ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഓഫീസിൽ യോഗം ചേരാമെന്ന് വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് അറിയിച്ചു.

2. 2015-16 ലെ 385 ഒഴിവുകവകളിൽ നിന്നും 2014-15 ൽ അധികമുള്ള 91 അദ്ധ്യാപകരേയും മുൻ പി എസ് സി ലിസ്റ്റിലെ NJD ഒഴിവുകളിലേക്ക് പി എസ് സി അഡ്വൈസ് കൊടുത്തിട്ടും നിയമനം നൽകാൻ ഒഴിവില്ലാത്തിതനാൽ പുറത്ത് നിന്ന 70 പേരെയും ഉൾപ്പെടുത്തിയ ശേഷം ആയത് കുറവ് ചെയ്യാതെ ആകെയുള്ള 385 വേക്കൻസിലെ 30% അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവെച്ചതിന്മേലുള്ള വിശദീകരണം തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറോട് ആവശ്യപ്പെടാം.

3. സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടുകളിലും ടൈബ്യൂണലിൽ സമർപ്പിച്ച രേഖകളിലും വസ്തുതാപരമായ പിശകുകൾ ഉണ്ടായതിന് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറോട് വിശദീകരണം ആവശ്യപ്പെടാവുന്നതാണ്.

16/10/2018 1:00 PM

ABOOBACKER K
(ASST (H1) G.EDN)

Note No. #35

16/10/2018 1:15 PM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #36

Note #34 ൽ നിർദ്ദേശിച്ചിട്ടുള്ള നടപടികളിന്മേൽ ഉത്തരവിനായി ഫയൽ സ്പെഷ്യൽ സെക്രട്ടറി മുഖേന പൊതു വിദ്യാഭ്യാസ സെക്രട്ടറിയ്ക്ക് സമർപ്പിക്കാവുന്നതാണ്.

16/10/2018 2:47 PM

SURESH KUMAR S
(US (H) G.EDN)

Note No. #37

16/10/2018 5:31 PM

SREEKUMAR N K
(AS (H) G.EDN)

Note No. #38

17/10/2018 11:10 AM

K.V MURALEEDHARAN
(SPL SECY (G.EDN))

Note No. #39
discuss

17/10/2018 3:11 PM

A. SHAJAHAN
(SECY (G.EDN))

Note No. #40
Discussed with secy.Re submitted.

20/10/2018 10:46 AM

K.V MURALEEDHARAN
(SPL SECY (G.EDN))

Note No. #41
obtain explanation as suggested

20/10/2018 3:07 PM

A. SHAJAHAN
(SECY (G.EDN))

Note No. #42

20/10/2018 3:18 PM

K.V MURALEEDHARAN
(SPL SECY (G.EDN))

Note No. #43

20/10/2018 4:00 PM

SREEKUMAR N K
(AS (H) G.EDN)

Note No. #44

20/10/2018 4:38 PM

SURESH KUMAR S
(US (H) G.EDN)

Note No. #45
Vide order above DFA

21/10/2018 5:12 PM

ABOOBACKER K
(ASST (H1) G.EDN)

Note No. #46

22/10/2018 11:04 AM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #47

22/10/2018 2:58 PM

SURESH KUMAR S
(US (H) G.EDN)

Note No. #48

മേൽ കുറിപ്പുകളും ഉത്തരവുകളും വി.ഉ.ഡ യുടെ വിശദീകരണകത്തും സദയം കണ്ടാലും. കത്തിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2015 ഏപ്രിൽ മാസം മുതൽ 2015-16 വർഷത്തെ തസ്തിക നിർണ്ണയം 7/2016-ൽ നടത്തിയതുവരെയുള്ള കാലഘട്ടത്തിലേതായി ആകെ 385 ഒഴിവുകൾ ആണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നത്. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 18/6/2016 -ലെ എച്ച്.5/38256/2016/ഡി.പി.ഐ കത്ത് പ്രകാരം അധിക തസ്തികയും, സ്ഥാനക്കയറ്റം, രാജി, മരണം, വിരമിക്കൽ മുതലായവ വഴിയുണ്ടായിട്ടുള്ള സ്ഥിരം ഒഴിവുകളടക്കം മുഴുവൻ ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട ചെയ്യുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ ജില്ലയിൽ 2014-15 വർഷത്തെ തസ്തിക

നിർണ്ണയശേഷം 91 എൽ.പി.എസ്.എ മാർ അധികമായി നിലനിൽക്കുകയും മുൻകാല ശുപാർശയിന്മേൽ എൻ.ജെ.ഡി റിപ്പോർട്ട് ചെയ്തതുപ്രകാരം നിയമന ശുപാർശ ലഭിച്ച 70 പേർക്ക് നിയമനം നൽകാൻ അവശേഷിക്കുകയും ചെയ്തിരുന്നത് കാരണം ഈ രണ്ടു വിഭാഗത്തിലുമായി ആകെ 161 പേർക്ക് നിയമനം നൽകുകയും നിലനിർത്തുകയും ചെയ്യണമായിരുന്നു. ഇത് കൂടിച്ചാൽ 224 ഒഴിവുകളാണ് ഉണ്ടാവുക. ഇത് നിലവിലെ അനുപാത പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ Direct- 146, IDT- 67, By transfer-11 എന്നിങ്ങനെ വകയിരുത്താമായിരുന്നു. എന്നാൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 20/6/2016 -ലെ എച്ച്.5/38256/2016/ഡി.പി.ഐ കത്ത് പ്രകാരം മേൽ പറഞ്ഞ രീതികളിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും കണക്കാക്കി കേഡൽ സ്ട്രെങ്ത് പ്രകാരം റിപ്പോർട്ട് ചെയ്യപ്പെടേണ്ട ഒഴിവുകൾ മാത്രം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുവാൻ ആണ് നിർദ്ദേശം ലഭിച്ചത്. പ്രസ്തുത കാരണത്താൽ 2014-15 വർഷം ശേഖരിച്ച കേഡർ സ്ട്രെങ്ത് പ്രകാരം നേരിട്ടുള്ള പി.എസ്.സി നിയമനം ലഭിച്ചവരുടെ എണ്ണം അനുവദനീയമായ 1239 എണ്ണത്തിനുപകരം 1623 പേർ നിലനിന്നിരുന്ന വഴി 384 പേർ ഈ വിഭാഗത്തിൽ അധികമായി ഉണ്ടായിരുന്നു. അന്തർ ജില്ലാ സ്ഥലം മാറ്റ വിഭാഗത്തിൽ അനുവദനീയമായ 572 എണ്ണത്തിനുപകരം 360 പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ വിഭാഗത്തിൽ 212 പേരുടെ കുറവുണ്ടായിരുന്നു. ബൈട്രാൻസ്ഫർ വിഭാഗത്തിൽ അനുവദനീയമായ 95 എണ്ണത്തിനു പകരം 15 പേരെ നിലവിലുണ്ടായിരുന്നുള്ളു. 80 പേരുടെ കുറവും ഉണ്ടായിരുന്നു. ഈ കണക്കുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ 384 പേർ പി.എസ്.സി നേരിട്ടുള്ള നിയമന വിഭാഗത്തിൽ കൂടുതൽ ഉള്ളതിനാലും, അന്തർജില്ലാ സ്ഥലം മാറ്റ വിഭാഗത്തിൽ 212 ഉം, ബൈട്രാൻസ്ഫർ വിഭാഗത്തിൽ 80 പേരുടെയും, കുറവുണ്ടായതിനാലും 20/6/2016-ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്.5/38256/16/ഡി.പി.ഐ കത്തിലെ നിർദ്ദേശ പ്രകാരം പി.എസ്.സിയ്ക്ക് നേരിട്ടുള്ള നിയമനത്തിന് ഒഴിവുകൾ റിപ്പോർട്ടുചെയ്യുവാൻ കഴിയുമായിരുന്നില്ലെന്നും അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി 212 പേരുടെ കുറവ് ഉള്ള സാഹചര്യത്തിലാണ് ആകെയുണ്ടായിരുന്ന 385 ഒഴിവുകളുടെ 30% ഒഴിവുകളായ 114 ഒഴിവുകൾ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവയ്ക്കപ്പെട്ടതെന്നുമാണ് ഒന്നാമത്തെ ചോദ്യത്തിനുള്ള വിശദീകരണമായി രേഖപ്പെടുത്തിയിട്ടുള്ളത്.

ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൻറെ ഒ.എ നം.1602/17, 1924/16 & 1852/16 എന്നീ ഹർജികളിന്മേൽ 16.08.2018 -ലെ വിധിന്യായത്തിന്മേൽ അപ്പീൽ സമർപ്പിക്കുന്നതിനായി അനുവാദം ആവശ്യപ്പെട്ട് ഈ ഓഫീസിലെ എ4/17943/2018 തീയതി. 4.9.2018 പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അന്തർജില്ല സ്ഥലംമാറ്റത്തിനായി മാറ്റി വയ്ക്കപ്പെട്ട 114 ഒഴിവുകൾ എന്നത് ഒ.എ.നം.1924/2016 നമ്പൽ നൽകിയ ഇൻസ്ട്രക്ഷനിൽ ആകെ 162 ഒഴിവുകൾ എൽ.പി. എസ്.എമാരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റി വച്ചിരിക്കുന്നു എന്ന പരാമർശം തെറ്റായി രേഖപ്പെടുത്തപ്പെട്ടതാണെന്നും പിന്നീടുള്ള പരിശോധനയിൽ ഈ എണ്ണം തെറ്റാണെന്ന് ബോധ്യപ്പെട്ടതിനാൽ ഒ.എ.നം. 1602/2017 ഹർജിയിന്മേൽ 14/6/2018-ൽ നൽകിയ സ്റ്റേറ്റ്മെൻറിൽ പ്രൈമറി വിഭാഗം അധ്യാപകരായ എൽ.പി.എസ്.എമാരേയും, യു.പി.എസ്.എമാരേയും ചേർത്ത് ഓൺലൈൻ പ്രകാരം അന്തർജില്ലാ സ്ഥലം മാറ്റത്തിനായുള്ള അപേക്ഷ ക്ഷണിച്ചതിൽ 161 അപേക്ഷകളാണ് ലഭിച്ചതെന്നും ഇതിൽ യോഗ്യരായ 114 എൽ.പി.എസ്.എമാരായിരുന്നു അപേക്ഷ സമർപ്പിച്ചിരുന്നതെന്നും, അതു പ്രകാരം 114 പേർക്ക് സ്ഥലംമാറ്റം നൽകുകയാണ് ഉണ്ടായിരുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ടായിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്.

20/6/2016-ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്.5/38256/16/ഡി.പി.ഐ കത്തിലെ നിർദ്ദേശ പ്രകാരമാണ് ഒഴിവുകൾ കേഡർ സ്ട്രെങ്ത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചിട്ടുള്ളതെന്നും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച കാര്യവിവരണ പത്രികയിൽ തെറ്റ് സംഭവിച്ചുവെങ്കിലും ആയത് 14/6/2018-ൽ നൽകിയ സ്റ്റേറ്റ്മെൻറിൽ തിരുത്തുകയും ചെയ്തിട്ടുള്ളതായും കാണുന്നു.

ഈ സാഹചര്യത്തിൽ സ്വീകരിക്കേണ്ട തുടർനടപടിയെ സംബന്ധിച്ചുള്ള മേൽ ഉത്തരവിനായും തിരുവനന്തപുരം ജില്ലയിലെ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാരും ജില്ലാവിദ്യാഭ്യാസ ഓഫീസർമാരും പുറപ്പെടുവിച്ചിട്ടുള്ള ഓരോ സ്കൂളിലേയും തസ്തിക നിർണ്ണ ഉത്തരവുകൾ പരിശോധിച്ച് 2015-16 2016-17 വർഷത്തെ ശരിയായ കേഡർ സ്ട്രെങ്തും ഒഴിവുകളും നിർണ്ണയിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാരുടെയും ജില്ലാവിദ്യാഭ്യാസ

ഓഫീസർമാരുടെയും യോഗം 12/10/2018 ൽ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഓഫീസിൽ ചേരാമെന്നും റിപ്പോർട്ട് ഉടനടി ലഭ്യമാക്കാമെന്നും വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് 10/10/2018 ലെ സ്പെഷ്യൽസെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ അറിയിച്ചപ്രകാരം നാളിതുവരെയായി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയത് മടക്കത്തപാലിൽ ലഭ്യമാക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടറോട് ആവശ്യപ്പെടാവുന്നതാണോ എന്നതിന്മേലുള്ള ഉത്തരവിനായും ഫയൽ സമർപ്പിക്കുന്നു.

14/11/2018 3:03 PM

ABOOBACKER K
(ASST (H1) G.EDN)

Note No. #49

15/11/2018 11:21 AM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #50

Note # 48-ലെ കുറിപ്പുകൾ കണ്ടാലും. 10.10.2018-ലെ യോഗതീരുമാനപ്രകാരം (see Note # 34) 12/10/2018 ൽ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഓഫീസിൽ ചേർന്ന യോഗത്തിന്റെ റിപ്പോർട്ട് കൂടി ലഭിച്ച ശേഷം ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാവുന്നതാണ്. റിപ്പോർട്ട് മടക്കത്തപാലിൽ ലഭ്യമാക്കാൻ ഡി.ഡി.ഇ-യോട് ആവശ്യപ്പെടാവുന്നതാണ്.

19/11/2018 4:37 PM

SURESH KUMAR S
(US (H) G.EDN)

Note No. #51

19/11/2018 5:12 PM

SREEKUMAR N K
(AS (H) G.EDN)

Note No. #52

19/11/2018 5:34 PM

SURESH KUMAR S
(US (H) G.EDN)

Note No. #53

21/11/2018 10:34 AM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #54
Vide order above DFA

21/11/2018 2:55 PM

ABOOBACKER K
(ASST (H1) G.EDN)

Note No. #55

21/11/2018 3:30 PM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #56

21/11/2018 3:51 PM

SURESH KUMAR S
(US (H) G.EDN)

Note No. #57

21/11/2018 4:58 PM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #58

മേൽ കുറിപ്പുകളും ഉത്തരവുകളും സദയം കണ്ടാലും. മേൽ ഉത്തരവ് പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് നാളിതുവരെയായി ലഭ്യമാക്കിയിട്ടില്ല.ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ എ നം. 1924/2016 മേലുള്ള 10/08/2016ലെ ഉത്തരവിൽ തീയതി മുതൽ ഒരു മാസത്തിനകം ടി ഉത്തരവ് നടപ്പിലാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ടി ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് അനുവദാം നൽകണമെന്നാവശ്യപ്പെട്ട് ഉത്തരവ് നടപ്പിലാക്കേണ്ട സമയപരിധി തീരുന്നതിന് 5 ദിവസം മുൻപ് സർക്കാരിന് തിരുവനന്തപുരം വി.ഉ.ഡ കത്ത് സമർപ്പിക്കുകയും ചെയ്തിരുന്നു. ടി കത്തിലുള്ള വസ്തുതകൾ തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാകുന്നതിനും അപ്പീൽ സമർപ്പിക്കുന്നതിന്മേലുള്ള തീരുമാനം കൈക്കൊള്ളുന്നതിനുമായി യോഗം വിളിക്കുകയും ചെയ്തിട്ടും അപ്പീൽ ഫയൽ ചെയ്യുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനാവശ്യമായ രേഖകൾ ലഭ്യമായിട്ടില്ല. ആയതിന് ശേഷം യോഗത്തിലെ ഒന്നാം തീരുമാനത്തിന്മേലുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കേണ്ടതുന്നതിന്റെ സമയ പരിധികഴിഞ്ഞ് മുന്ന് മാസമായിട്ടും നാളിതുവരെ അപ്പീൽ സമർപ്പിക്കുന്ന വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാനാകാത്ത സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടിയെ സംബന്ധിച്ചുള്ള മേൽ ഉത്തരവിനായി ഫയൽ സമർപ്പിക്കുന്നു.

06/12/2018 2:40 PM

ABOOBACKER K
(ASST (H1) G.EDN)

Note No. #59

07/12/2018 12:32 PM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #60

12/12/2018 10:29 AM

SURESH KUMAR S
(US (H) G.EDN)

Note No. #61

12/12/2018 11:55 AM

SREEKUMAR N K
(AS (H) G.EDN)

Note No. #62

It is quite unfortunate to record that the o/o DD, Tvpm is in utter chaos. The DD, Tvpm along with his officers were called here some 4 times for providing facts pertaining to the issue but has miserably failed. Basic records on arising of vacancies, filling up of the same are not maintained. Till date they have not furnished the same.Without facts it would not be proper to file appeal against the judgment as the court in the judgement had some damaging observation..
Pl await their report.

12/12/2018 1:00 PM

K.V MURALEEDHARAN
(SPL SECY (G.EDN))

Note No. #63

12/12/2018 1:14 PM

SREEKUMAR N K
(AS (H) G.EDN)

Note No. #64

12/12/2018 3:58 PM

SURESH KUMAR S
(US (H) G.EDN)

Note No. #65

13/12/2018 9:51 AM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #66

മേൽ കുറിപ്പുകളും ഉത്തരവുകളും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 10/08/2016ലെ ഉത്തരവിനെതിരെ ശ്രീമതി ആലിയ എസ് എൻ ബഹു. കേരള ഹൈക്കോടതയിൽ ഫയൽ ചെയ്ത OP(KAT)350/2018 നമ്പേലുള്ള ബഹു.കോടതിയുടെ 05/12/2018 ലെ ഇടക്കാല ഉത്തരവിന്റെ ശരിപകർപ്പ് ശ്രീ. അരുൺ കത്ത് മുഖേന ഹാജരാക്കിയിരിക്കുന്നത് സദയം കണ്ടാലും. ടി ഉത്തരവിൽ ടി റാങ്ക് ലിസ്റ്റിന്റെ കാലാവധി തീർന്ന 21/09/2016 ന് മുൻപ് പി എസ് സി ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവിലേക്ക് നിയമന ശുപാർശ നൽകുന്ന നടപടിയുമായി പി എസ് സി ക്ക് മുൻപോട്ട് പോവാമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്.

മേൽ സാഹചര്യത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 10/08/2018ലെ ഉത്തരവിനെതിരെ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കണമോ എന്നത് തീരുമാനിക്കുന്നതിനായി ആവശ്യപ്പെട്ട രേഖകൾ റിപ്പോർട്ടുകൾ എന്നിവ ഒരു നിശ്ചിത തീയതിയിൽ ഹാജരാകുവാൻ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറോട് ആവശ്യപ്പെടാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ സമർപ്പിക്കുന്നു.

18/12/2018 5:25 PM

ABOOBACKER K
(ASST (H1) G.EDN)

Note No. #67

19/12/2018 10:22 AM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #68

26/12/2018 2:03 PM

SURESH KUMAR S
(US (H) G.EDN)

Note No. #69
US,please discuss.

27/12/2018 1:43 PM

SREEKUMAR N K
(AS (H) G.EDN)

Note No. #70

ചർച്ച ചെയ്തു. ഈ വിഷയത്തിൽ ഇപ്പോൾ ഡി.ഡി.ഇ.-യിൽ നിന്നും ലഭിച്ച റിപ്പോർട്ട് പരിശോധിക്കുക.

28/12/2018 5:31 PM

SURESH KUMAR S
(US (H) G.EDN)

Note No. #71

സമാഹൃതക്കുറിപ്പ്

തിരുവനന്തപുരം ജില്ലയിൽ 22/03/2012-ൽ നിലവിൽ വരികയും 21/09/2016-ൽ കാലാവധി അവസാനിക്കുകയും ചെയ്ത എൽ പി എസ് എ (മലയാളം)റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള ഒ എ നം. 1924 & 1852/2016 , ഒ എ 114/2015, ഒ എ 1602/2017 എന്നിവയിന്മേലുമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 10/08/2018-ലെ ഉത്തരവിനെതിരെ അപ്പീൽ സമർപ്പിക്കുന്നതിന് തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് സർക്കാർ അനുമതി നൽകണമോ എന്ന വിഷയമാണ് ഈ ഫയലിൽ പരിശോധിച്ച് വരുന്നത്. 10.08.2018 - ലെ ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവിൽ ആകെ 169 ഒഴിവുകളാണ് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി തിരുവനന്തപുരം വി.ഉ.ഡ യോട് നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ 21.09.2016 - ൽ പ്രസ്തുത റാങ്ക്ലിസ്റ്റ് കാലാവധി അവസാനിക്കുമ്പോൾ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യാത്തതായി ട്രൈബ്യൂണൽ കണ്ടെത്തിയത് മൂന്ന് വിധത്തിലുള്ള ഒഴിവുകളാണ്. ആകെയുണ്ടായിരുന്ന 385 ഒഴിവുകളിൽ വിവിധ രീതിയിൽ നികത്തിയ 348 ഒഴിവുകൾ കഴിച്ച് അവശേഷിക്കുന്നതായി കണ്ടെത്തിയ **37 ഒഴിവുകൾ** , 2016-2017 ൽ അന്തർജില്ലാ സ്ഥലം മാറ്റത്തിനായി മാറ്റിവച്ച 162 ഒഴിവിൽ വിനിയോഗിച്ച 114 ഒഴിവുകൾ കഴിച്ച് അവശേഷിക്കുന്ന **48 ഒഴിവുകൾ**, വിവരാവകാശ രേഖകൾ പ്രകാരം പരാതിക്കാർ ഉന്നയിച്ചിട്ടുള്ള 2016-2017 ലെ തസ്തികനിർണ്ണയത്തിൽ അനുവദിച്ച **84 ഒഴിവുകൾ** എന്നിങ്ങനെ **ആകെ 169** (37+48+84=169) ഒഴിവുകളാണ് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യാതെ ശേഷിക്കുന്നത് എന്നും ആയതിനാൽ ഈ 169 ഒഴിവുകൾ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുവാനുമാണ് ഉത്തരവിലെ നിർദ്ദേശം.

ആയത് പരിശോധിക്കുന്നതിനായി സ്പെഷ്യൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ ചേർന്ന 10/10/2018 ലെ യോഗത്തിലെ തീരുമാനപ്രകാരം തിരുവനന്തപുരം ജില്ലയിലെ ഓരോ സ്കൂളിലേയും തസ്തിക നിർണ്ണ ഉത്തരവുകൾ പരിശോധിച്ച് 2015-16 2016-17 വർഷത്തെ ശരിയായ കേഡർ സ്ട്രെങ്ത് ഉം ഒഴിവുകളും നിർണ്ണയിക്കുന്നതിനായി ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാരുടെയും ജില്ലാവിദ്യാഭ്യാസ ഓഫീസർമാരുടെയും യോഗം 12/10/2018 ൽ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഓഫീസിൽ ചേർന്ന് ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം വി.ഉ.ഡ സമർപ്പിച്ച റിപ്പോർട്ട് സദയം കണ്ടാലും. ടി റിപ്പോർട്ടിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(i). 10/08/2018 ലെ ഉത്തരവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനായി അവശേഷിക്കുന്നവയായുള്ള കണ്ടെത്തിയിട്ടുള്ളവയിൽ ഉൾപ്പെട്ട 37 ഒഴിവുകൾ 29.08.2016 - ൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നവയാണ്.

(ii). എൽ.പി.എസ്.എ , യു.പി.എസ്.എ എന്നീ രണ്ടുവിഭാഗങ്ങൾക്കുമായി അന്തർജില്ലാസ്ഥലംമാറ്റത്തിനായി ആകെ 162 ഒഴിവുകളിലേക്കാണ് അപേക്ഷ ലഭിച്ചിരുന്നതെന്നും ഇതിൽ 114 ഒഴിവുകളിൽ എൽ.പി.എസ്.എ മാർക്കും 45 ഒഴിവുകളിൽ യു.പി.എസ്.എ മാർക്കും ആയി ആകെ 159 പേർക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കുകയുണ്ടായെന്നും ആകെയുണ്ടായിരുന്ന 385 ഒഴിവിൻറെ 30% ആയി ആകെ 115 പേർക്കാണ് എൽ.പി.എസ്.എ മാരിൽ നിന്നും അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിയ്ക്കാമായിരുന്നതെന്നും അതിൽ 114 പേർക്ക് സ്ഥലം മാറ്റം അനുവദിച്ചിരുന്നുവെന്നും 1 ഒഴിവുമാത്രമാണ് അവശേഷിച്ചിരുന്നത്.

(iii). വിവരാവകാശ രേഖകൾ പ്രകാരം അവകാശപ്പെടുന്ന 84 ഒഴിവുകൾ എന്നത് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെടാതിരുന്ന ഒഴിവുകളല്ലെന്നും ഈ ഒഴിവുകൾ 29.08.2016-ൽ റിപ്പോർട്ട് ചെയ്ത 37 ഒഴിവുകൾ, 19.09.2016-ന് റിപ്പോർട്ട് ചെയ്ത 57 ഒഴിവുകൾ എന്നിവ ചേർത്ത് നിലവിലുണ്ടായിരുന്ന 94 (37+57=94) ഒഴിവുകളിൽ ഉൾപ്പെടുന്നവയാണെന്നും , ഒഴിവുകൾ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നവയും എന്നാൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ

നിയമന ശുപാർശ നൽകാത്തതുകാരണം ഒഴിവുകളായി നിലനിൽക്കുകയുമായിരുന്നു.

ആയതിനാൽ ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവിൽ കണ്ടെത്തിയിരിക്കുന്ന 84 ഒഴിവുകൾ PSC യ്ക്ക് റിപ്പോർട്ട് ചെയതവയിൽ ഉൾപ്പെടുന്നവയും 37 ഒഴിവുകൾ 29/08/2016 ൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ടി ഒഴിവുകൾ വീണ്ടും റിപ്പോർട്ട് ചെയ്യാനുള്ള നിർദ്ദേശം യുക്തിസഹമല്ലെന്നും അതുപോലെ തന്നെ എൽ.പി.എസ്.എ തസ്തികയ്ക്ക് അന്തർജില്ലാ സ്ഥലം മാറ്റത്തിനായി മാറ്റിവയ്ക്കാതിരുന്ന എണ്ണം ഒഴിവുകൾ മാറ്റിവച്ചതിൽ ഉപയോഗിക്കാതെ അവശേഷിച്ച എണ്ണം ഒഴിവുകൾ എന്ന് കണക്കാക്കി 48 ഒഴിവുകൾ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുവാനും കഴിയുന്നവയല്ലെന്നുമാണ് തിരുവനന്തപുരം വി.ഉ.ഡ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർ ടി കേസിൽ ബഹു.ട്രൈബ്യൂണലിൽ വ്യത്യസ്തമായ രീതിയിലാണ് എതിർസത്യവാങ്മൂലം സമർപ്പിച്ചിരുന്നത് . 12/10/2018 ൽ തിരുവനന്തപുരം വി.ഉ.ഡയിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ കാണുന്ന ഒഴിവുകൾ മുമ്പ് സമർപ്പിച്ചിരുന്ന റിപ്പോർട്ടിൽ പറയുന്ന ഒഴിവുകളിൽ നിന്നും വ്യത്യസ്തവും കോടതിയിൽ സമർപ്പിച്ചിരിക്കുന്ന അഫിഡവിറ്റിൽ ഈ രണ്ട് റിപ്പോർട്ടുകളിലെ ഒഴിവുകളുടെ എണ്ണവുമായി പൊരുത്തപ്പെടാത്തവയുമാണ് എന്നുള്ളതെന്നതിനാൽ അപ്പീൽ ഫയൽ ചെയ്യുന്ന വിഷയത്തിൽ അന്തിമതീരുമാനം കൈകൊള്ളുവാൻ സാധിക്കുകയില്ല. ടി ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന സമയപരിധി അവസാനിച്ചിട്ട് 4 മാസം കഴിഞ്ഞിരിക്കുന്നു.

മേൽ സാഹചര്യത്തിൽ 10/8/2018 ലെ ഉത്തരവിലെ ബഹു.ട്രൈബ്യൂണലിന്റെ നിർദ്ദേശം നിയമനാധികാരിയായ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർക്കാണ് എന്നതിനാൽ ടി ഉത്തരവിലെ 169 ഒഴിവുകൾ നിലവിലില്ലെന്ന വസ്തുത രേഖകളുടെ അടിസ്ഥാനത്തിൽ ഒരിക്കൽകൂടി പരിശോധിച്ച് ഉറപ്പുവരുത്തി ഗവൺമെന്റ് പ്ലീഡറുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകാവുന്നതാണ്. കൂടാതെ, നടപ്പ് ഫയൽ പേജ് 134 – ൽ ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഉത്തരവായതിൻപ്രകാരം എൽപി/യു പി തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിൽ യഥാർഥത്തിൽ അർഹമായ ഒഴിവുകൾ തിട്ടപ്പെടുത്തി ഒരാഴ് ച്ചക്കകം സർക്കാരിനെ അറിയിക്കുവാനും നിർദ്ദേശം നൽകാവുന്നതാണ്.

ഉത്തരവിനായി ഫയൽ സ്പെഷ്യൽ സെക്രട്ടറി മുഖേന പൊതു വിദ്യാഭ്യാസ സെക്രട്ടറിയ്ക്ക് സമർപ്പിക്കാവുന്നതാണ്.

31/12/2018 3:46 PM

ABOOBACKER K
(ASST (H1) G.EDN)

Note No. #72

31/12/2018 4:10 PM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #73

31/12/2018 4:22 PM

SURESH KUMAR S

(US (H) G.EDN)

Note No. #74

31/12/2018 5:31 PM

SREEKUMAR N K
(AS (H) G.EDN)

Note No. #75

01/01/2019 7:25 AM

K.V MURALEEDHARAN
(SPL SECY (G.EDN))

Note No. #76

04/01/2019 11:51 AM

A. SHAJAHAN
(SECY (G.EDN))

Note No. #77

04/01/2019 11:57 AM

K.V MURALEEDHARAN
(SPL SECY (G.EDN))

Note No. #78

04/01/2019 12:05 PM

SREEKUMAR N K
(AS (H) G.EDN)

Note No. #79

04/01/2019 12:06 PM

SURESH KUMAR S
(US (H) G.EDN)

Note No. #80

04/01/2019 12:42 PM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #81
Vide order above DFA

05/01/2019 4:19 PM

ABOOBACKER K
(ASST (H1) G.EDN)

Note No. #82

05/01/2019 5:15 PM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #83

കരട് കത്ത് അംഗീകാരത്തിനായി സ്പെഷ്യൽ സെക്രട്ടറിയ്ക്ക് സമർപ്പിക്കാവുന്നതാണ്.

05/01/2019 5:32 PM

SURESH KUMAR S
(US (H) G.EDN)

Note No. #84

07/01/2019 9:51 AM

SREEKUMAR N K
(AS (H) G.EDN)

Note No. #85

07/01/2019 1:02 PM

K.V MURALEEDHARAN
(SPL SECY (G.EDN))

Note No. #86

07/01/2019 5:46 PM

SREEKUMAR N K
(AS (H) G.EDN)

Note No. #87

07/01/2019 6:34 PM

SURESH KUMAR S
(US (H) G.EDN)

Note No. #88

21/01/2019 12:57 PM

ABOOBACKER K
(ASST (H1) G.EDN)

Note No. #89

21/01/2019 1:05 PM

DR.USHA KUMARI A.

(SO (H) G.EDN)

Note No. #90
Pl discuss.

22/01/2019 7:27 AM

K.V MURALEEDHARAN
(SPL SECY (G.EDN))

Note No. #91

22/01/2019 11:50 AM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #92

മേൽ കുറിപ്പുകളും ഉത്തരവുകളും ശ്രീ.അരുൺ സമർപ്പിച്ച ഹർജിയും സദയം കണ്ടാലും. ചർച്ച ചെയ്തതിൻ പ്രകാരം കത്ത് തയ്യാറാക്കുന്നതിനു മുമ്പ് തിരുവനന്തപുരം വി.ഉ.ഡ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശത്തിൻറെ അടിസ്ഥാനത്തിൽ 26.12.2018 തീയതിയിൽ ജില്ലയിലെ നിലവിലെ ഒഴിവുകൾ ആയത് ഉദ് ഭവിച്ച തീയതി സഹിതം നിലവിലുള്ള ഒഴിവുകൾ വിദ്യാഭ്യാസ ഓഫീസർമാരോട് നിശ്ചിത പ്രൊഫോർമയിൽ റിപ്പോർട്ട് ചെയ്യുവാൻ വി.ഉ.ഡ ആവശ്യപ്പെട്ടിരുന്നുവെന്നും ആയതിൻറെ അടിസ്ഥാനത്തിൽ 01.01.2019 തീയതിയിൽ എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും റിപ്പോർട്ട് സമർപ്പിക്കുകയും 510 എൽ.പി.എസ്.എ ഒഴിവുകൾ ഉളളതായി ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും ടി 510 ഒഴിവുകളിൽ 47 എണ്ണം 21.09.2016 തീയതിക്ക് മുൻപ് ഉണ്ടായവയാണെന്ന് കണ്ടെത്തിയതിനാൽ ടി 47 ഒഴിവുകൾ നിശ്ചിത പ്രൊഫോർമയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻറെ ഉത്തരവിലെ 169 വേക്കൻസികളിൽ ഉൾപ്പെടുന്നതാണെന്നറിയിച്ച് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ 11.01.2019 തീയതിയിൽ എ4/12600/16 നമ്പർ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ബാക്കിയുളള എല്ലാ ഒഴിവുകളും റാങ്ക് ലിസ്റ്റ് കാലാവധിയ്ക്ക് ശേഷം നിലവിൽ വന്നിട്ടുളളതാണെന്നും ടി. ഒഴിവുകൾ മുൻ date of occurence ആയി കാണിച്ച് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുകയില്ലെന്നും ടി. 510 ഒഴിവുകളിൽ 234 ഒഴിവുകൾ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേയ്ക്കുളള നേരിട്ടുളള നിയമനത്തിനും 47 എണ്ണം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻറെ ഉത്തരവ് പ്രകാരവും, 14 ഒഴിവുകൾ ബൈ ട്രാൻസ്ഫർ നിയമനത്തിനും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും 93 ഒഴിവുകൾ അന്തർജില്ലാ സ്ഥലം മാറ്റനിയമനത്തിനായി മാറ്റി വെച്ചിട്ടുണ്ടെന്നും പ്രസ്തുത വിഷയത്തിൽ നിലനിൽക്കുന്ന കോടതി കേസുകളുടെ അന്തിമവിധിക്കനുസൃതമായി

വിനിയോഗിക്കുന്നതിന് ബാക്കി 122 ഒഴിവുകൾ നീക്കിവച്ചിരിക്കുകയാണെന്നും ടി. 122 ഒഴിവുകളും 2017,2018 വർഷത്തിൽ റിട്ടയർമെൻറ് പ്രൊമോഷൻ, ട്രാൻസ്ഫർ, അന്തർജില്ലാ സ്ഥലം മാറ്റം, അധിക തസ്തിക എന്നിവ മുഖേന നിലവിൽ വന്നതാണെന്ന് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നൽകിയിട്ടുളള റിപ്പോർട്ട് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുളളതാണെന്നും ടി സാഹചര്യത്തിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്ത 47 ഒഴിവുകൾ ഒഴികെ മറ്റ് ഒഴിവുകൾ ഒന്നും 21.09.2016 മുമ്പായി നിലനിൽക്കുന്നതായി കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും തിരുവനനിതപുരം വി.ഉ.ഡ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

10/08/2018 ലെ ബഹ.ടൈബൂണലിന്റെ ഉത്തരവിൽ പറയുന്ന മുഴുവൻ ഒഴിവുകളും(169 എണ്ണം പി എസ് സിക്ക് റിപ്പോർട്ട് ചെയ്യണമെന്നും 21.09.2016 മുമ്പായി നിലനിൽക്കുന്നതായി കണ്ടെത്തിയ 47 ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും ആവശ്യപ്പെട്ടാണ് ശ്രീ.അരുൺ ഹർജി സമർപ്പിച്ചിരിക്കുന്നത്. ടിയാന്റെ ഹർജിയിൽ ടി 510 ഒഴിവുകളിൽ 47 എണ്ണം കൂടാതെ മറ്റ ചില ഒഴിവുകൾ പഴയ 21/09/2016 മുമ്പ് നിലവിലുണ്ടായിരുന്നതാണെന്നും ജില്ലക്കകത്തുള്ള ട്രാൻസ്ഫർ മുഖേന ടി ഒഴിവുകളുടെ date of occurence 21/09/2016 നു ശേഷമായതാണെന്നും ആയതിനാൽ അതു പരിശോധിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 1.ടി 47 ഒഴിവുകൾ യഥാസമയം തിരുവനന്തപുരം വി.ഉ.ഡ യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ വി.ഉ.ഡ യ്ക്ക് നിർദ്ദേശം നൽകാവുന്നതാണ്. 2. 07/01/2017 ലെ കത്തിന്റെ അടിസ്ഥാനത്തിൽ ബഹ.ടൈബൂണലിന്റെ ഒ.എ 1924/2016 നമ്പുള്ള 10.08.2018 ലെ വിധിന്യായത്തിനമ്പൽ സ്വീകരിച്ച നടപടി റിപ്പോർട്ട് ചെയ്യുവാൻ വി.ഉ.ഡ യോട് ആവശ്യപ്പെടാവുന്നതാണ്.3.ശ്രീ.അരുണിന്റെ അപേക്ഷ പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ വി.ഉ.ഡയ്ക്ക് നിർദ്ദേശം നൽകാവുന്നതാണ്.

ഉത്തരവിനായി ഫയൽ സമർപ്പിക്കുന്നു.

14/02/2019 12:04 PM

ABOOBACKER K
(ASST (H1) G.EDN)

Note No. #93

14/02/2019 2:13 PM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #94

16/02/2019 11:14 AM

SURESH KUMAR S
(US (H) G.EDN)

Note No. #95

18/02/2019 12:50 PM

SREEKUMAR N K
(AS (H) G.EDN)

Note No. #96

18/02/2019 1:05 PM

K.V MURALEEDHARAN
(SPL SECY (G.EDN))

Note No. #97

18/02/2019 1:06 PM

A. SHAJAHAN
(SECY (G.EDN))

Note No. #98

18/02/2019 1:08 PM

K.V MURALEEDHARAN
(SPL SECY (G.EDN))

Note No. #99

18/02/2019 1:22 PM

SREEKUMAR N K

(AS (H) G.EDN)

Note No. #100

18/02/2019 1:48 PM

SURESH KUMAR S
(US (H) G.EDN)

Note No. #101
Vide order above DFA

23/02/2019 4:13 PM

ABOOBACKER K
(ASST (H1) G.EDN)

Note No. #102

25/02/2019 12:45 PM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #103

25/02/2019 8:28 PM

SURESH KUMAR S
(US (H) G.EDN)

Note No. #104

മേൽ കുറിപ്പുകളും ഉത്തരവുകളും ശ്രീ.അരുൺ.ആർ ബഹു.കേരള ഗവർണ്ണർക്കും ബഹു.കേരള മുഖ്യമന്ത്രിക്കും സമർപ്പിച്ച ഹർജി സദയം കണ്ടാലും. ടി ഹർജിയിൽ OA 1852/2016 ലിലുള്ള 10/08/2018 ലെ ഉത്തരവിൽ പരാമർശിക്കുന്ന 169 ഒഴിവുകൾ PSC യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ തിരുവനന്തപും വി.ഉ.ഡയ്ക്ക് നിർദ്ദേശം നൽകണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ടി ഉത്തരവിൽ പരാമർശിക്കുന്ന 169 ഒഴിവുകൾ നിലവിലുണ്ടായിനരുന്നോ എന്നത് രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തി ഗവൺമെന്റ് പ്ലീഡറുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം വി.ഉ.ഡയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. ശ്രീ.അരുണിന്റെ ഹർജിയിന്മേൽ

ടിയാനു നേരിട്ട് മറുപടി നൽകണമെന്ന് ഗവർണ്ണറുടെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്തിൽ പറഞ്ഞിട്ടുണ്ട്.

ഈ സാഹചര്യത്തിൽ OA 1852/2016 ലിലുള്ള 10/08/2018 ലെ ഉത്തരവിൽ പരാമർശിക്കുന്ന 169 ഒഴിവുകൾ നിലവിലുണ്ടായിനരുന്നോ എന്നത് രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തി ഗവൺമെന്റ് പ്ലീഡറുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം വി.ഉ.ഡയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ശ്രീ.അരുണിനെ അറിയിക്കാവുന്നതാണ്.

28/02/2019 5:40 PM

ABOOBACKER K
(ASST (H1) G.EDN)

Note No. #105

01/03/2019 11:38 AM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #106

01/03/2019 8:06 PM

SURESH KUMAR S
(US (H) G.EDN)

Note No. #107

02/03/2019 1:15 PM

SREEKUMAR N K
(AS (H) G.EDN)

Note No. #108

02/03/2019 1:33 PM

A. SHAJAHAN
(SECY (G.EDN))

Note No. #109

02/03/2019 1:54 PM

SREEKUMAR N K
(AS (H) G.EDN)

Note No. #110

02/03/2019 2:14 PM

SURESH KUMAR S
(US (H) G.EDN)

Note No. #111

02/03/2019 3:34 PM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #112
Vide order above DFA

02/03/2019 4:34 PM

ABOOBACKER K
(ASST (H1) G.EDN)

Note No. #113

05/03/2019 3:24 PM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #114

05/03/2019 5:28 PM

SURESH KUMAR S
(US (H) G.EDN)

Note No. #115

06/03/2019 11:00 AM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #116

പൊതു വിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറി ഫയൽ സമർപ്പിക്കുവാൻ നേരിട്ട് നിർദ്ദേശിച്ച പ്രകാരം ഫയൽ സമർപ്പിക്കുന്നു.

04/05/2019 11:43 AM

ABOOBACKER K
(ASST (H1) G.EDN)

Note No. #117

04/05/2019 11:46 AM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #118

04/05/2019 11:50 AM

SURESH KUMAR S
(US (H) G.EDN)

Note No. #119

04/05/2019 12:24 PM

SREEKUMAR N K
(AS (H) G.EDN)

Note No. #120

File was called for, for a discussion as details furnished by DPI in connection with a L.A Question is in contrary to the details furnished earlier. Files called for by S.S shall be submitted directly to him.. S.O shall note this... It shall be ascertained whether appeal has been filed or not in this case also its present status.

04/05/2019 12:39 PM

K.V MURALEEDHARAN
(SPL SECY (G.EDN))

Note No. #121

04/05/2019 12:47 PM

SREEKUMAR N K
(AS (H) G.EDN)

Note No. #122

04/05/2019 12:51 PM

SURESH KUMAR S
(US (H) G.EDN)

Note No. #123

04/05/2019 1:10 PM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #124

Vide order above DFA

08/05/2019 10:29 AM

ABOOBACKER K
(ASST (H1) G.EDN)

Note No. #125

08/05/2019 12:27 PM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #126

08/05/2019 1:05 PM

SURESH KUMAR S
(US (H) G.EDN)

Note No. #127

08/05/2019 3:35 PM

DR.USHA KUMARI A.
(SO (H) G.EDN)

Note No. #8 Attachment:E19937.pdf

നം. ഇ-19937/ സ്യൂട്ട് III(1)/ 2018/ നിയമം
നം. GEDN- H1/ 210/ 2018- GEDN

നിയമ (സ്യൂട്ട് III) വകുപ്പ്
തീയതി: 13/ 09/ 2018

1. തിരുവനന്തപുരം ജില്ലയിലെ പൊതു വിദ്യാഭ്യാസ വകുപ്പിലെ ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ് (മലയാളം) തസ്തികയിലെ പി. എസ്. സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളായ ശ്രീ. ആർ. അരുണും മറ്റൊരാളും , ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിനെ തുടർന്ന്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O. A No. 1852/ 2016 കേസിലെ ഉത്തരവിൽ വസ്തുതാപരമായ തെറ്റുകൾ ഉള്ളതായി കാണാവുന്നതും ടി ന്യൂനതകൾ പരിഹരിക്കുന്നതിനായി, ബഹു. ട്രൈബ്യൂണലിന്റെ O. A No. 1852/ 2016 -ലെയും മറ്റ് അനുബന്ധ കേസുകളിലേയും 10/ 08/ 2018 -ലെ പൊതു ഉത്തരവ് പുനഃ പരിശോധിക്കുന്നതിനായി റിവ്യൂ ഹർജി ഫയൽ ചെയ്യാവുന്നതാണെന്ന അഭിപ്രായമാണ് 11/ 09/ 2018 -ലെ ഇ-19650/ സ്യൂട്ട് III(1)/ 2018/ നിയമം നമ്പർ ഫയലിൽ നൽകിയിട്ടുള്ളത്. ബഹു. ട്രൈബ്യൂണൽ O. A No. 1852/ 2016 കേസ്, O. A No. 1924/ 2016 കേസിനും മറ്റ് സമാന കേസുകൾക്കും ഒപ്പം പരിഗണിച്ച് ആയതിൽ പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ, ബഹു. ട്രൈബ്യൂണലിന്റെ O. A No. 1852/ 2016 -ലെ ഉത്തരവ് പുനഃ പരിശോധിക്കുന്നതിന് സമർപ്പിക്കുന്ന റിവ്യൂ ഹർജിയിലെ ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിന് വിധേയമായി തുടർനടപടി സ്വീകരിക്കുന്നതാവും ഉചിതമെന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്.

നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറി,
ആർ. സന്തോഷിന് വേണ്ടി.

To Edn Dept.